# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P9/ 2015/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 19/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം, (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), കൊല്ലം

3)കാര്യാലയ പകർപ്പ്

നമ്പർ: KSA KLM P9/ 2015/2023 തീയ്യതി: 19/12/2023

## കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എം.ഡി.അമ്പിളി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 27-11-2023 | 30-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-11-2023 | 30-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രദീപ് കുമാർ പി. (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീ. സുനിൽ കുമാർ യു. എസ്. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി. രാജശ്രീ സി. ആർ. (ഓഡിറ്റർ)
ശ്രീമതി. റജിന എ. എസ്. (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ആനന്ദവല്ലി.എ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. അനീഷ് എസ് എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 29-04-2022 |

| | | | |
|---|---|---|---|
| ശ്രീ.ബേബി എം എൻ | സെക്രട്ടറി | 30-04-2022 | 30-04-2022 |
| ശ്രീ. അനീഷ് എസ് എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2022 | 11-05-2022 |
| ശ്രീ. ലെവിസൺ റ്റി ജെ | സെക്രട്ടറി | 12-05-2022 | 03-07-2022 |
| ശ്രീ. അനീഷ് എസ് എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-07-2022 | 11-12-2022 |
| ശ്രീ. ലെവിസൺ റ്റി ജെ | സെക്രട്ടറി | 12-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സൂര്യ.എസ്.നായർ | അസി. എഞ്ചിനീയർ, | 01-04-2022 | 29-09-2022 |
| ശ്രീ അരുൺ ചന്ദ് | അസി. എഞ്ചിനീയർ, | 29-09-2022 | 31-03-2023 |
| ശ്രീമതി.ലത.വി | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2022 | 23-01-2023 |
| ശ്രീമതി. ഉഷാ കുമാരി പി എസ് | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 23-01-2023 | 31-03-2023 |
| ശ്രീമതി വീണ വി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 10-10-2022 |
| ശ്രീ അഭിലാഷ് എസ് | വ്യവസായ വികസന ഓഫീസർ | 11-10-2022 | 31-03-2023 |
| ശ്രീമതി ജോജി മറിയം ജോർജ്ജ് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2022 | 24-09-2022 |
| ശ്രീ ജയൻ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 25-09-2022 | 18-10-2022 |
| ശ്രീമതി സുനിത എസ് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 19-10-2022 | 31-03-2023 |
| ശ്രീമതി പൊന്നമ്മ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അമ്പിളികുമാരി | ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2022 | 06-06-2022 |
| ഡോ എ അഭിലാഷ് | ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 07-06-2022 | 31-03-2023 |
| ഡോ ഹനീസ് എച്ച് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2022 | 11-04-2022 |
| ഡോ. ബാബുലാൽ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 12-04-2022 | 31-03-2023 |
| ശ്രീ.ബിജു എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | വാർഷിക ധനകാര്യപത്രികയിൽ ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-3 |
| 5 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വാർഷികധനകാര്യപത്രികയിലെ തുകയും പാർട്ട് ബിൽ തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-5 |
| 7 | പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Sankhya ACR ൽ നിന്നും ഒഴിവാക്കിയില്ല. | 1-1-6 |
| 8 | അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | വാടകയിനത്തിലുള്ള വരവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-8 |
| 10 | Redemption തുകയുടെ വരവ് ചെലവ് ബാലൻസ് തുകകൾ ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വാർഷികക്കണക്കിൽ ബാധ്യതയായി ഉൾപ്പെടുത്തിയ തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ഗുണഭോക്തൃവിഹിതം-വാർഷികക്കണക്കിലെ തുകകളും ഗുണഭോക്തൃവിഹിതം വരവ്,ചെലവ്,ബാലൻസ് തുകകളും കൃത്യമല്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | വാടക കുടിശ്ശിക ഈടാക്കിയില്ല | 1-11 |
| 23 | മരുന്നുകൾ പൂർണ്ണമായും KMSCLനിന്നും ലഭ്യമായിട്ടില്ല. | 1-12 |
| 24 | ഞങ്ങളും കൃഷിയിലേക്ക് - കിഴങ്ങ് വർഗ്ഗ വിളകളുടെ പ്രോൽസാഹനം - അംഗീകൃത | 1-13 |

| | | |
|---|---|---|
| | ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | |
| 25 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസനഫണ്ട് വകയിരുത്തി പദ്ധതി ആവിഷ്കരിച്ചു | 1-14 |
| 26 | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 2,32,590/- രൂപ തടസ്സപ്പെടുത്തുന്നു | 1-15 |
| 27 | മികവ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-16 |
| 28 | വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയില്ല - കുടിവെള്ള പദ്ധതി : പദ്ധതി ലക്ഷ്യംകണ്ടില്ല - 1,77,494/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു; 3,629/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-17 |
| 29 | പട്ടാഴി ഡിവിഷനിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ: 1,34,186/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 1-18 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കുടിവെള്ള പദ്ധതി: 3,629/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | പട്ടാഴി ഡിവിഷനിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ: 1,34,186/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് വേണ്ടിയുള്ള ഫണ്ട് വിനിയോഗം. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പത്തനാപുരം ബ്ലോക്ക്പഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 29.07.2023 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 03.08.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെപറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോട് കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പത്തനാപുരം ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടം 65 പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ ഉൾപ്പെടെ അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, പ്രധാന അനുപാതങ്ങൾ എന്നിവ സമർപ്പിക്കേണ്ടതാണ്. എന്നാൽ റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയില മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 70,44,603/- രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = 39,90,459/- രൂപ

വ്യത്യാസം = 30,54,144/- രൂപ

### 1-1-3 വാർഷിക ധനകാര്യപത്രികയിൽ ബാങ്ക് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.

CFC Tied ,Untied Bank നീക്കിയിരുപ്പ് തുകകളും B4ഷെഡ്യൂളിലെ തുകകളും (1,03,50,050/-) ബ്ലോക്ക് പഞ്ചായത്തിലെ രജിസ്റ്റർ പ്രകാരം പൊരുത്തപ്പെടുന്നില്ല. വിശദാംശം ഖ. 1-4ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-1-4 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വാർഷികധനകാര്യപത്രികയിലെ തുകയും പാർട്ട് ബിൽ തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസായി 412010101 ഹെഡിൽ 14,35,182/- രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ പാർട്ട് ബിൽ പേയ്മെന്റ് തുക 21,41,323 /- ആണ്.

1-1-5 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ

1-1-6 പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Sankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.

2022-23 സാമ്പത്തിക വർഷം വിവിധഫണ്ടുകൾ പ്രകാരം പേയ്മെന്റ് ആകാത്ത ബില്ലുകൾ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | എ.സി.ആർ പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|---|
| വികസനഫണ്ട്, ജനറൽ | 23229482 | 23229482 | 23686482 | 457000 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 4472831 | 4472831 | 4473131 | 300 |

1-1-7 അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിന്റെ വരവ് ചെലവുകൾ നടത്തുന്ന പത്തനാപുരം ഇന്ത്യൻ ബാങ്കിലെ 771579191ാം നമ്പർ അക്കൌണ്ടും കാനറ ബാങ്ക് പിടവൂരിലെ 1037101023069 നമ്പർ ഇലക്ഷൻ അക്കൌണ്ടും വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

1-1-8 വാടകയിനത്തിലുള്ള വരവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി

ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയിനത്തിൽ തൻവർഷം ലഭിച്ച തുക 431400101 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതിന് പകരം 130100101 എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1-1-9 Redemption തുകയുടെ വരവ് ചെലവ് ബാലൻസ് തുകകൾ ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി പൊരുത്തപ്പെടുന്നില്ല

21-22 വർഷത്തെ Redemption തുക 2,12,16,997/- രൂപ തിരികെ വന്നത് റസീപ്റ്റ് & പേയ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

22-23 ൽ വിവിധ അക്കൌണ്ടുകൾ പ്രകാരം Redemption ഇനത്തിൽ പിടിച്ച തുക 51,40,415/- രൂപയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൌണ്ട് | പിടിച്ച തുക (രൂപ) |
|---|---|
| 1049 | 50,66,836 (8,74,705 + 41,92,131) |
| 2551 | 16,127 |
| 112 | 57,452 |
| ആകെ | 51,40,415 |

എന്നാൽ ട്രഷറി അക്കൌണ്ട് നം. 1049 ലെ 41,92,131/- രൂപ മാത്രമാണ് വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റിലും ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടുള്ളത്.

1-1-10 വാർഷികക്കണക്കിൽ ബാധ്യതയായി ഉൾപ്പെടുത്തിയ തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രികയിൽ RP 40(b)യിൽ ഐ.എ.വൈ. അക്കൌണ്ടിലെ നീക്കിയിരുപ്പ് 58,19,228/- രൂപയാണ്. എന്നാൽ B-4 ഷെഡ്യൂളിൽ ഐ.എ.വൈ. ജനറൽ നീക്കിയിരുപ്പ് തുക 52026/- രൂപയാണ്.

1-1-11 ഗുണഭോക്തൃവിഹിതം-വാർഷികക്കണക്കിലെ തുകകളും ഗുണഭോക്തൃവിഹിതം വരവ്,ചെലവ്,ബാലൻസ് തുകകളും കൃത്യമല്ല

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ S0158/23 എന്ന പ്രോജക്ട് പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ

പിരിച്ചെടുത്ത 51000/-രൂപയുടേയും അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ നടപ്പാക്കിയ S0087/23 എന്ന പ്രോജക്ട് പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത 58500/-രൂപയുടേയും ചെലവ് സ്വലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. വാർഷികകണക്ക് പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ വരവ് വന്ന തുക 84315/- രൂപയാണ്. എന്നാൽ രസീത് പ്രകാരം പിരിച്ച് തനതു ഫണ്ടിൽ ഒടുക്കിയ തുക 109500 /- രൂപയാണ്.

## 1-2 ബജറ്റ്

25/03/2022 തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ്. 27/3/23 തീയതിയിലെ 1 /1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,99,75,579/- രൂപ |
| വരവ് | 9,43,50,763/- രൂപ |
| ആകെ | 11,43,26,342/- രൂപ |
| ചെലവ് | 9,03,60,304/- രൂപ |
| നീക്കിയിരിപ്പ് | 2,39,66,038/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 1,37,815/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,89,281/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 29178989 | 29178989 | 23229482 | 5949507 |
| വികസന ഫണ്ട്-എസ്.സി.പി | 0 | * 22258011 | 22258011 | 16788623 | 5469388 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 580000 | 580000 | 386500 | 193500 |
| മെയിൻറനൻസ്, റോഡ് | 0 | 0 | 0 | 0 | 0 |
| മെയിൻറനൻസ്, നോൺ- റോഡ് | 0 | 9070000 | 9070000 | 4472831 | 4597169 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Treasury) | 0 | 4344129 | 4344129 | 2888315 | 1455814 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Treasury) | 0 | 498695 | 498695 | 482590 | 16105 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Bank- PFMS) | 4619793 | 7128000 | 11747793 | 5110190 | 6637603 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Bank PFMS) | 77034 | 5083393 | 5160427 | 1598102 | 3562325 |

* വികസനഫണ്ട് എസ്.സി.പി. അലോട്ട്മെന്റ് ഉത്തരവ് ജി.ഒ. (ആർ.ടി.)1049/23/ഫിൻ, തീ. 13.02.23 പ്രകാരം എസ്.സി.പി. 3-ാം ഗഡു അനവദിച്ച 76,16,511/- രൂപയിൽ 50,77,674/- രൂപ മാത്രമാണ് എ.സി.ആറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. മുൻ വർഷത്തെ (21-22) ഓഡിറ്റ് റിപ്പോർട്ടിലും CFC ഗ്രാന്റിനങ്ങളുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 21-22 ലെ AFS പ്രകാരം B4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുക CFC Tied Bank- ₹ 46,19,793/- ഉം CFC Untied Bank- ₹ 77,034/- ഉം ( ആകെ - ₹ 46,96,827/-) ആണ്. ടി തുക തന്നെയാണ് RP40(b) യിലും ഉൾപ്പെട്ടിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായ രജിസ്റ്ററിലും AFS ലെ തുക തന്നെയാണ് ഉൾപ്പെട്ടിട്ടുള്ളത്. ടി തുകയാണ് മുന്നിരിപ്പ് ആയി എടുത്തിട്ടുള്ളത്.
2. സ്വലേഖ സ്റ്റേറ്റ്മെന്റിലെ തുകയും മേൽ പട്ടികയിലെ ആകെ ചെലവു തുകയും തമ്മിലുള്ള വ്യത്യാസം ₹ 4,98,419/- ആണ്. ടി തുക CFC Untied Grant ന്റെ ACR ൽ 31.03.23 ൽ ചെലവു കാണിച്ചിട്ടുണ്ടെങ്കിലും ബിൽ മാറി ചെലവായത് 2023-24 സാമ്പത്തിക വർഷമാണ്. ജേണൽ ചെയ്തിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3. CFC (Tied, Untied) Bank ലെ നീക്കിയിരുപ്പ് തുകകൾ (₹ 1,03,50,050/-) ബ്ലോക്ക് പഞ്ചായത്തിലെ രജിസ്റ്റർ പ്രകാരം പൊരുത്തപ്പെടുന്നില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയാണ് വാർഷിക ധനകാര്യ പത്രികയിലെ RP40(b) യിലും B4 ഷെഡ്യൂളിലും ഉൾപ്പെടുത്തിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിലെ ക്യാഷ്ബുക്ക് / ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. രജിസ്റ്റർ പ്രകാരം നീക്കിയിരുപ്പ് 1,01,99,928/- രൂപയാണ്. വ്യത്യാസം 1,50,122/- രൂപയിൽ 93,184/- രൂപ 12.04.23 ലും 56,938/- രൂപ 14.04.23 ലുമാണ് അക്കൌണ്ടിൽ നിന്നും ഡെബിറ്റ് ആയത്.

വാർഷികധനകാര്യ പത്രികയിലെ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 8/30.11.23 ) നൽകിയെങ്കിലും കൃത്യത ഉറപ്പാക്കാൻ തക്ക വിശദീകരണം ലഭ്യമാക്കിയില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 139 | 10,38,42,563/- | 124 | 5,86,82,036/- | - | 15 | 89% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-03-23 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവില്ലായിരുന്നു. ക്യാഷ് ബുക്ക്, ക്യാഷ് ചെസ്റ്റ് എന്നിവ പ്രകാരം നീക്കിയിരിപ്പും ഇല്ലായിരുന്നു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ വരവിനങ്ങൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. വരവ് ഇനങ്ങളുടെ കുടിശ്ശിക കണക്കുകൾ സൂക്ഷിക്കുന്നതിലും അപാകതകൾ കാണുന്നു. പദ്ധതി നിർവ്വഹണാധികാരികൾ മുഖേന നടപ്പിൽ വരുത്തുന്ന പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ല. വാർഡുതലത്തിൽ ഗ്രാമസഭകൾ വഴി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ പട്ടിക പ്രകാരമല്ലാതെ പദ്ധതി ആനുകൂല്യ വിതരണം നടത്തിക്കാണുന്നു.
മരാമത്ത് വിഭാഗത്തിൽ ഒട്ടുമിക്ക പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് പദ്ധതി നിർവ്വഹണ ഘട്ടത്തിൽ പരിഷ്കരിക്കേണ്ടിവരുന്ന സാഹചര്യം, പദ്ധതി ആസൂത്രണത്തിലെ അപര്യാപ്തതകൾ വെളിപ്പെടുത്തുന്നതാണ്. തക്കതായകാരണങ്ങളുടെ അടിസ്ഥാനത്തിലല്ലാതെയുള്ള എസ്റ്റിമേറ്റ് പരിഷ്കരണങ്ങൾ ഒഴിവാക്കേണ്ടതാണ്. ആസ്തിരജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്കരിച്ച് കാലികമായി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ പ്രകാരം ഉടമസ്ഥാവകാശം ഉറപ്പുവരുത്താത്ത പദ്ധതിപണം ചെലവഴിച്ച് നിർമ്മാണം നടത്തിയതായി കണ്ടു. സർക്കാർ ഉത്തരവ് നം.(പി)3/2017 /പി.ഡബ്ല്യു.ഡി, തീയതി 09-08.2017 (Standard Bidding Documents For Public Works) പാർട്ട് II – പൊതു കരാർ നിബന്ധനകൾ 12-1 ൽ കരാറുകാരൻ സമർപ്പിക്കേണ്ട ഇൻഷുറൻസ് സർട്ടിഫിക്കറ്റിനെപ്പറ്റി പരാമർശിക്കുന്നു. ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയാണ് കരാറുകാരന് 'ലെറ്റർ ഓഫ് അക്സപ്റ്റൻസ്' നൽകിയിരിക്കുന്നത്. 2022-23 വർഷത്തിൽ നടപ്പിലാക്കിയ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ആവശ്യമായ എല്ലാ പ്രവൃത്തിയിലും ഇൻഷുറൻസ് സർട്ടിഫിക്കറ്റിന് പകരം ചട്ടപ്രകാരം കരാർ തുകയുടെ 0.2% തുക അവസാന ബിൽ തുകയിൽ നിന്നും കറവുവരുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത് എന്നതിൽനിന്നും ഇത് പൊതു നയമായി സ്വീകരിച്ചുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. സർക്കാർ നിർദ്ദേശത്തിന്റെ അന്തസത്തയ്ക്ക് നിരക്കാത്ത ഇത്തരം നടപടികൾ ഭാവിയിൽ കർശനമായി ഒഴിവാക്കേണ്ടതാണ്.
പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമാകേണ്ടതുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിഷയങ്ങളിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/10/2023 | 2022-2023 | ലഭിച്ചില്ല |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/03/2021 | 4/16 To 2/21 | 23/7/21 |

## 1-11 വാടക കുടിശ്ശിക ഈടാക്കിയില്ല

പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മങ്കോട് ക്ഷീരസംഘം കെട്ടിടം 6/10/2018ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മിൽമയുടെ ബൾക്ക് ചില്ലിംഗ് സെന്റർ തുടങ്ങുന്നതിനായി വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ വാടക 01.04.2021 മുതൽ കുടിശ്ശികയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കടമുറിയുടെ നമ്പർ | മാസവാടക ₹ | കുടിശ്ശിക ₹ |
|---|---|---|
| മങ്കോട് ക്ഷീരസംഘം | 666/-<br>01.04.21- 31.03.2022 | 7,992 + GST<br>(666 X 12) |
| | 733/-<br>01.04.22- 31.03.2023 | 8,796 + GST<br>(733 X 12) |
| ആകെ | | 16,788 + GST |

മേൽ കടമുറിയുടെ വാടക കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശികയായ 16,788/- രൂപ ജി എസ് ടി, പിഴപ്പലിശ ഉൾപ്പെടെ ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. വാടക രജിസ്റ്റർ വാടകയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഡിമാൻഡ്-കളക്ഷൻ-ബാലൻസ് കൃത്യമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 9 /30.11.2023

## 1-12 മരുന്നുകൾ പൂർണ്ണമായും KMSCLനിന്നും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി KMSCL ന് നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | പ്രോജക്ട് അടങ്കൽ തുക ₹ | പ്രോജക്ട് ചെലവ് തുക ₹ | ബിൽ നം./തീയതി | മരുന്ന് വാങ്ങലിനായി നൽകിയ തുക ₹ | മരുന്നുലഭിക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| 63/22-23 താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് 10,00,000/- | 10,00,000/- | ബിൽ നം 13/22 16.12.2022 | 10,00,000/- | 2,83,197/- |
| ആകെ 2,83,197/- | | | | | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മുൻകൂറായി നൽകിയെങ്കിലും ലഭ്യമാകാത്ത മരുന്നുകൾ, പാലിയേറ്റീവ് ഉപകരണങ്ങൾ, ഡയപ്പറുകൾ എന്നിവയുടെ തുകയായ 2,83,197/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2/29.11.2023

തടസ്സപ്പെടുത്തിയ തുക - 2,83,197/- രൂപ

## 1-13 ഞങ്ങളും കൃഷിയിലേക്ക് - കിഴങ്ങ് വർഗ്ഗ വിളകളുടെ പ്രോൽസാഹനം - അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

കൃഷി അസ്സി.ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ “ഞങ്ങളും കൃഷിയിലേക്ക് -കിഴങ്ങ് വർഗ്ഗ വിളകളുടെ പ്രോൽസാഹനം” (പ്രോജക്ട് നം.87/23) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വികസനഫണ്ടിൽ നിന്ന് 8,38,500/- രൂപയും ഗുണഭോക്തൃവിഹിതമിനത്തിൽ 58,500/- രൂപയും വകയിരുത്തി ആവിഷ്കരിച്ച പദ്ധതിക്കായി വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക ₹ |
|---|---|
| 05-31.01.23 | 4,30,000 |
| 08-03.03.23 | 3,32,500 |
| 09-03.03.23 | 76,000 |
| 487228829/24.03.2023 | 58,500 |

മേൽ പദ്ധതി പ്രകാരം 195 ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകുന്നതിനായാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഒരു ഹെക്ടറിന് 20,000/- രൂപ നിരക്കിൽ 60 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 4,600/- രൂപ പ്രകാരമാണ് ആനുകൂല്യം നൽകിയിട്ടുണ്ട്. 3,500/- രൂപ കിഴങ്ങ് വർഗ്ഗങ്ങളുടെ വിലയിനത്തിലും 1,100/- രൂപ ജൈവ വളങ്ങളുടെ വിലയിനത്തിലുമാണ് (25% ഗുണഭോക്തൃവിഹിതം) അനുവദിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകൾ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നൽകിയ അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളുടെ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി നൽകേണ്ടത് ഗ്രാമപഞ്ചായത്തുകൾ വിളിച്ചു ചേർക്കുന്ന ഗ്രാമസഭകളായിരിക്കണമെന്നും,ഗുണഭോക്താക്കളെ ലക്ഷ്യമിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ഗ്രാമസഭാ സംഘാടനത്തിന് മുമ്പ് തന്നെ ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്തിന് നൽകണമെന്നും പതിനാലാം പഞ്ചവൽസര പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (ഖ.12.3(1)(2)) വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി തയ്യാറാക്കിയ പട്ടികയ്ക്കാണ് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകാരത്തോട് (12.01.2023-ലെ 1/5) കൂടി ആനുകൂല്യം നൽകിയത്. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള പട്ടിക അപര്യാപ്തമായതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അംഗീകരിച്ച് നൽകിയ പട്ടിക പ്രകാരം ആനുകൂല്യം നൽകിയതെന്നും, ടി ലിസ്റ്റിന് സാധൂകരണം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചതായും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും, നിർവ്വഹണ ഉദ്യോഗസ്ഥന്റെയും നടപടി സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ആയത് അംഗീകരിക്കുന്നില്ല. അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയ ഇനത്തിൽ ചെലവഴിച്ച 8,97,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 8,97,000/- രൂപ

ഓഡിറ്റ് എൻക്വയറി - 03/29.11.23

## 1-14 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസനഫണ്ട് വകയിരുത്തി പദ്ധതി ആവിഷ്കരിച്ചു

കൃഷി അസ്സി.ഡയറക്ടറുടെ ഓഫീസിലെ ദൈനം ദിന ചെലവുകൾക്ക് വികസനഫണ്ടിൽ നിന്ന് 20,244/- രൂപ വകയിരുത്തി ആവിഷ്കരിച്ച പദ്ധതിക്കായി (പ്രോജക്ട് നം. 88/23) മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ദൈനം ദിന ചെലവുകൾക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ചത് വഴി വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 20,244/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്നും തിരികെ വികസനഫണ്ടിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ബിൽ നമ്പർ - 01,02,03/25.11.22, 06/30.01.23, 11/23.03.23

ഓഡിറ്റ് എൻക്വയറി - 04/29.11.2023

## 1-15 ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 2,32,590/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പദ്ധതിയുടെ ധനവിനിയോഗ സാക്ഷ്യപത്രം പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ളത് (രൂപ) | ബിൽ നമ്പർ/വൌച്ചർ നമ്പർ |
|---|---|---|---|
| 142, പാലിയേറ്റീവ് കെയർ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 4,82,590/- | 32,590/- | 156/19.12.2022 |
| 86- പാലിയേറ്റീവ് കെയർ- വിഹിതം നൽകൽ | 5,00,000/- | 2,00,000/- | 188/25.01.2023 |

ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 2,32,590/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 06/30.11.23

തടസ്സപ്പെടുത്തിയ തുക – 2,32,590/- രൂപ

## 1-16 മികവ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 10, +2 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിക്ക് പ്രത്യേക കോച്ചിംഗ് സൌകര്യം ഒരുക്കുന്നതിന് പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ചുവടെ ചേർക്കും പ്രകാരം നൂതന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പട്ടികജാതി വകുപ്പിന്റെ 2022-23 വർഷത്തെ Plan Outlay ശീർഷകം 9.11 Welfare Of Scheduled Caste എന്നയിനത്തിന് 32,561 ലക്ഷം രൂപ വകയിരുത്തുകയും, ഇതിൽ ക്രമ നം. 10 ആയി Assistance Of Educaion To SC Students എന്നതിൽ Providing Special And Remedial Coaching For Poor Performing Students ഉൾപ്പെട്ടിട്ടുള്ളപ്പോൾ വീണ്ടും തദ്ദേശ സ്ഥാപനം മുഖേന പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ, പേര് | വകയിരുത്തിയ തുക, ഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|---|
| 166/23, മികവ് 2023-10, +2 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കോച്ചിംഗ് | ₹ 6,72,800/- (എസ്.സി.പി.) | ₹4,60,660/- | ബിൽ നമ്പർ 21,22,23,24,25,26,27, 28,29,30,32/28.03.2023 |

ബ്ലോക്ക് പരിധിയിൽ ഉൾപ്പെട്ട 13 സ്കൂളുകളിൽ പഠിക്കുന്ന 210 കുട്ടികൾക്ക് സ്കൂൾ സമയത്തിന് ശേഷവും, അവധി ദിവസങ്ങളിലുമായി ആകെ 70 മണിക്കൂർ പരിശീലനം നൽകുന്നതിന് അദ്ധ്യാപകർക്ക് ഒരു മണിക്കൂറിന് 250 രൂപ നിരക്കിലും, ഹെഡ്മാസ്റ്റർക്ക് സൂപ്പർവിഷൻ ചാർജ്ജിനത്തിൽ 1,000/- രൂപയും, റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ ഒരു വിദ്യാർത്ഥിക്ക് 40 രൂപ നിരക്കിലും, സ്റ്റേഷനറി അനുബന്ധ ചെലവുകൾക്കായി 68,300/- രൂപയും ഉൾപ്പെടെയാണ് മേൽ പറഞ്ഞ പ്രകാരമുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 10, +2 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് സൌകര്യം ഒരുക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചതെങ്കിലും പത്താം ക്ലാസ്സിൽ പഠിക്കുന്ന 11 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ജനവരി, ഫെബ്രുവരി മാസങ്ങളിലായി പ്രത്യേക ട്യൂഷൻ നൽകുന്നതിനായാണ് ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | റിഫ്രഷ്മെന്റ് ചാർജ്ജ് ₹ | സ്റ്റേഷനറി ചാർജ്ജ് ₹ | HM സൂപ്പർവിഷൻ ചാർജ്ജ് ₹ | ടീച്ചർമാരുടെ വേതനം ₹ | ക്ലാസ്സിന്റെ തീയതി | ആകെ ക്ലാസ്സിന്റെ ദൈർഘ്യം (മണിക്കൂറിൽ) |
|---|---|---|---|---|---|---|---|
| ഗവ.എച്ച്.എസ്.പുന്നല | 15 | 18,000 | | 1,000 | 17,500 | 11.01.23-11.02.23 | 70 |
| ജി.വി.എച്ച്.എസ്.എസ്. പട്ടാഴി | 40 | 41,040 | 4,680 | 1,000 | 17,500 | 9.1.23-28.02.23 | 70 |
| ഐ.ജി.എം.വി.എച്ച്.എസ്. മഞ്ഞക്കാല | 7 | 9,560 | 1,000 | 1,000 | 17,500 | 09.01.23-23.02.23 | 70 |
| ഡി.വി.വി.എച്ച്.എസ്.എസ് തലവൂർ | 23 | 26,940 | | 1,000 | 17,500 | 11.01.23-17.02.23 | 70 |
| മന്നം മെമ്മോറിയൽ എച്ച്.എസ്. വിളക്കുടി | 17 | 22,720 | | 1,000 | 17,000 | 09.01.23-25.02.23 | 70 |
| സെന്റ് സ്റ്റീഫൻ എച്ച്.എസ്. പത്തനാപുരം | 31 | 39,680 | | 1,000 | 17,500 | 09.01.23-16.02.23 | 70 |
| കെ.ആർ.എം.എം.എച്ച്.എസ്. പത്തനാപുരം | 13 | 18,200 | | 1,000 | 17,500 | 09.01.23-23.02.23 | 70 |
| എ.പി.പി.എം.വി.എച്ച്.എസ്.എസ്. ആവണീശ്വരം | 28 | 39,200 | | 1,000 | 17,500 | 09.01.23-13.02.23 | 70 |
| ഗവ.എച്ച്.എസ്. വലിയകാവ് | 6 | 7,350 | 1,050 | 1,000 | 17,500 | 09.01.23-24.02.23 | 70 |
| മൌണ്ട് ടാബോർ എച്ച്.എസ്.എസ്. പത്തനാപുരം | 28 | 29,120 | | 1,000 | 13,500 | 09.01.23-24.02.23 | 54 |
| എം.ജി.എച്ച്.എസ്.എസ്. ഇടത്തറ | 2 | 3,120 | | 1,000 | 17,500 | 10.01.23-24.02.23 | 70 |
| | 210 | 2,54,930 | 6,730 | 11,000 | 1,88,000 | | 754 |

പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ഓഡിറ്ററുടെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള സർക്കാർ,എയ്ഡഡ് സ്കൂളുകളിലെ സ്ഥിരം അദ്ധ്യാപകർക്കാണ് പരിശീലനം നൽകിയ ഇനത്തിലുള്ള തുക നൽകിയിട്ടുള്ളത്. സർക്കാറിന്റെ വേതനം പറ്റുന്ന ജീവനക്കാർക്ക് തന്നെ പ്രത്യേക പദ്ധതി വഴി ആനുകൂല്യം നൽകിയത് നിലവിലുള്ള സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ

വികസനഫണ്ടിൽ നിന്നും ശമ്പളവും ഹോണറേറിയവും നൽകാൻ പാടില്ലെന്ന് പതിനാലാം പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ (ഖ.8.6) വ്യക്തമാക്കിയിട്ടുള്ളതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 1,88,000 + 11,000 = 1,99,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. സർക്കാരിൽ നിന്നുള്ള പ്രത്യേക അനുമതിയുടെ അടിസ്ഥാനത്തിലാണ് ഈ ഇനത്തിൽ തുക ചെലവഴിച്ചതെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ലഘുഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള സ്ഥാപനത്തെ തെരെഞ്ഞെടുത്തത് ക്വട്ടേഷൻ, ടെൻഡർ നടപടികൾ പാലിച്ചല്ല. ഈ ഇനത്തിൽ ചെലവഴിച്ച തുക അതത് സ്കൂളിലെ പ്രഥമാദ്ധ്യാപകരുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ഹാജരാക്കിയ വൗച്ചറുകളുടെ ആധികാരികത നിർവ്വഹണ ഉദ്യോഗസ്ഥ പരിശോധിച്ച് ഉറപ്പ് വരുത്തി ആവശ്യമായ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.
ജനുവരി, ഫെബ്രുവരി മാസങ്ങളിലായി മികവ് പദ്ധതിക്കായി പട്ടാഴി ഗവ. സ്കൂളിലെ പ്രഥമാദ്ധ്യാപകൻ 1,81,486/- രൂപ ചെലവഴിച്ചതായി രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 46,720/- രൂപ മാത്രമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ പദ്ധതി നിർവ്വഹണാധികാരിയുടെ മേൽനോട്ടമുണ്ടായിട്ടില്ല എന്നത് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. പദ്ധതിയുടെ ഫലപ്രാപ്തി എത്രത്തോളമായിരുന്നു എന്ന് വ്യക്തമാക്കുന്ന തരത്തിലുള്ള രേഖകളോ,മോണിറ്ററിങ് റിപ്പോർട്ടുകളോ ഇല്ല.പദ്ധതി പ്രകാരം നടന്ന ഏതെങ്കിലും ക്ലാസ്സുകൾ പദ്ധതി നിർവ്വഹണാധികാരി സന്ദർശിച്ചതായ രേഖയില്ല. പദ്ധതി നിർവ്വഹണാധികാരിയെന്ന നിലയിലുള്ള കർത്തവ്യങ്ങൾ സ്കൂൾ അധികാരികളെ ഏൽപ്പിച്ച്, പണം മാറിനൽകൽ മാത്രമായി പദ്ധതിനിർവ്വഹണംമാറ്റിയ പട്ടികജാതി വികസന ഓഫീസറുടെ നടപടികൾ അംഗീകരിക്കാൻ കഴിയുന്നതല്ല.

നൂതന പദ്ധതിയായി ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയാണ് പദ്ധതി നടപ്പാക്കിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. എന്നാൽ അദ്ധ്യാപകരുടെ തെരെഞ്ഞെടുപ്പ് സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും സജീവമായ ഇടപെടൽ ഉണ്ടായിട്ടില്ല. തുക ബന്ധപ്പെട്ടവർക്ക് കൈമാറുക മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്. സർക്കാരിന്റെ വേതനം പറ്റുന്ന ജീവനക്കാർക്ക് തന്നെ പ്രത്യേക പദ്ധതി വഴി ഹോണറേറിയം നൽകിയതിന് വികസനഫണ്ടിൽ (എസ്.സി.പി.) നിന്നും ചെലവഴിച്ച 1,99,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. 01/29.11.2023
തടസ്സപ്പെടുത്തിയ തുക – 1,99,000/- രൂപ

1-17 വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയില്ല - കുടിവെള്ള പദ്ധതി : പദ്ധതി ലക്ഷ്യംകണ്ടില്ല - 1,77,494/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു; 3,629/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

Proj. No SO 31/22-23 ചിറ്റാശ്ശേരി DWSS പൊതുകിണർ നവീകരണം
TS No. 23053/21-22
അടങ്കൽ തുക – 2,00,000/- രൂപ (CFC ഗ്രാന്റ്)
പദ്ധതി ചെലവ് : 1,81,123/- രൂപ (70,199/- രൂപ: ബിൽ നം. 392/29.3.22; 1,10,933/- രൂപ: ബിൽ നം. 80/30.9.22)
കരാറുകാരൻ : ശ്രീ. അഖിൽ. യു
കരാർ നം. 08/AE/LSGD/PTPM/21-22 തീയതി.5.11.21
കരാർ തുക : 1,64,114.17/- രൂപ (7% കുറവ്).
പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ചുവടെ ചേർക്കുന്നു.
TS No: 23053/2021-2022
EST NO: 2021/30678

Name Of Work: Pathanapuram BP 2021-22 (S077/22) Chittasseri DWSS- Public Well Maintenance In Naduthery Division
ESTIMATE REPORT
I Am Submitting Herewith An Estimate Amount Of Rs 2,00,000/- For The Maintenance Of Chittasseri Drinking Water Supply Scheme Which Is Included In The Plan Projects Of Pathanapuram Blockpanchayat For The Year 2021-22. Presently, There Is A Public Well In Chittassery Which Many Of The Beneficiaries Of The Area Resorted To, During The Drought Time. The Estimate Consists Of Constructing An RCC Platform For PVC Watertank And Pumphouse Below That. Provisions Included Are Earthwork Excavation, CC 1:4:8, Column Footing, Column, Reinforcement, Solidblock, Finishing Floortile, Jet Pump, PVC Tank, PVC Pipes, Public Taps Etc. Provision For Electrification Is Also Included In This Estimate. The Rate Used For

Preparation Of This Estimate Is DAR With Cost Index Of 41.85% For Kollam, Including Contractors Profit And Overhead Charges (Tender Rate). 12% GST Also Included In The Estimate.

Assistant Engineer LSGD Sub-Division Pathanapuram Block Panchayat

മേൽ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരമുള്ള പ്രവൃത്തികളിൽ വൈദ്യുതീകരണം ഒഴികെയുള്ള പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയിട്ടുണ്ടെങ്കിലും, വൈദ്യുതീകരണം നടത്തിയിട്ടില്ലാത്തതിനാൽ പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെയും ഓവർസിയറുടെയും സാന്നിദ്ധ്യത്തിൽ 29.11.23 ന് ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

കൂടാതെ പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റിൽ ഇനം 25 ആയി Od 1329706/21-22: Supplying And Fitting 1HP Jet Monoblock Pumb With All Necessary Fittings (Popular Brands Like Crompton, V-Guard Etc) എന്ന ഇനം 14,751.05/- രൂപ നിരക്കിൽ ഉൾപ്പെടുത്തിയിരുന്നത്, തുടർന്ന് Revised Estimateൽ ഒഴിവാക്കുകയും പകരം Extra Item 11 ആയി Od 1722828/21-22: Supplying And Fitting 1HP Jet Monoblock Pumb With All Necessary Fittings (Popular Brands Like Crompton, V-Guard Etc)എന്ന ഇനം 18,235.55/- രൂപ നിരക്കിൽ ഉൾപ്പെടുത്തുകയും ആയതു പ്രകാരം കരാർനിരക്കിൽ തുക കണക്കാക്കി അനുവദിക്കുകയും ചെയ്തു. V-Guard 1HP Jet Monoblock Pumbആണ് സ്ഥാപിച്ചിരിക്കുന്നത് എന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതുമൂലം ചുവടെ ചേർക്കുംപ്രകാരം 3,629/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് കണക്കാക്കുന്നു.

| പ്രാഥമിക എസ്റ്റിമേറ്റ് പ്രകാരം അനുവദിക്കേണ്ടിവരുമായിരുന്ന തുക ₹ | പരിഷ്കരിച്ച എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ച തുക ₹ | അധിക ചെലവ് ₹ |
|---|---|---|
| 14,751.05<br>കുറയ്ക്കുക 7% (ടെൻഡർ കിഴിവ്): 1,032.57<br>ആകെ : 13,718.47<br>കൂട്ടുക 12% GST: 1,646.21<br>= 15,364.68 | 18,235.55<br>കുറയ്ക്കുക 7% (ടെൻഡർ കിഴിവ്): 1,276.48<br>ആകെ : 16,959/-<br>കൂട്ടുക 12% GST: 2,035<br>= 18,994 | 3,629/- |

ഇത്തരത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനംതന്നെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അധിക തുക നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ആകെ പദ്ധതി ചെലവ് 1,81,123/- രൂപയിൽ, മേൽ പരാമർശ 3,629/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു. ശേഷിക്കുന്ന 1,77,494/- രൂപയുടെ ചെലവ്, പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല എന്ന കാരണത്താൽ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം. 07/30.11.2023

നിരാകരിച്ച തുക – 3,629/- രൂപ

തടസ്സപ്പെടുത്തിയ തുക – 1,77,494/- രൂപ

## 1-18 പട്ടാഴി ഡിവിഷനിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ: 1,34,186/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

Proj. No SO46/22-23 പട്ടാഴി ഡിവിഷനിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ

അടങ്കൽ തുക – 3,00,000/- രൂപ (CFC ഗ്രാന്റ്)

പദ്ധതി ചെലവ് : 2,61,272/- രൂപ (78,391/- രൂപ : ബിൽ നം. 413/31.3.22; 1,82,881/- രൂപ : ബിൽ നം. 289/19.3.23)

കരാറുകാരൻ : ശ്രീ. കെ. ഉദയൻ

കരാർ നം. 51/AE/LSGD/PTPM/21-22 തീയതി. 2.3.22

കരാർ തുക : 2,66,572.55/- രൂപ (0.458% കുറവ്).

പനയനം കോളനി കുടിവെള്ള പദ്ധതി, പനയനം പൊതു കിണർ പുനരുദ്ധാരണം എന്നീ പദ്ധതികളാണ് നടപ്പിൽ വരുത്തിയിരിക്കുന്നത്. ഇതിൽ പനയനം പൊതു കിണർ പുനരുദ്ധാരണം (ചെലവ്: 1,34,186/- രൂപ) എന്ന പദ്ധതിയുടെ പ്രാദേശിക പരിശോധനയിൽ (ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 29.11.23 ന് നടത്തിയത്) ചുവടെ ചേർക്കുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

എ). കിണർ പുനരുദ്ധാരണം, 1/ 2HP Pumb, GI Pipe ഉപയോഗിച്ച് പ്ലാറ്റ് ഫോം നിർമ്മിച്ച് അതിനു മുകളിൽ 500Ltr Water Tank, അതിനു ചുവടെ ഒരു Tap എന്നിവ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് നിർവ്വഹിച്ചിട്ടുള്ളത്. കിണറിന്റെ സമീപത്തെ

വീട്ടിൽനിന്നമാണ് കിണറിൽ സ്ഥാപിച്ചിട്ടുള്ള പമ്പിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളത്. കിണറിന് സമീപത്തെ ഒരു കുടുംബം മാത്രമാണ് നിലവിൽ പദ്ധതി ഗുണഭോക്താവ്. കുടിവെള്ള പദ്ധതി എന്ന നിലയിൽ സമീപപ്രദേശങ്ങളിലെ വീടുകളിലേക്കൊന്നംതന്നെ Water Connection നൽകിയിട്ടില്ല. സമീപ പ്രദേശങ്ങളിലെ വീടുകളിൽ മറ്റ കുടിവെള്ള പദ്ധതി പ്രകാരം Water Connection ലഭ്യമാക്കിയിട്ടുള്ളതും കാണാൻ കഴിഞ്ഞു. സ്ഥല പരിശോധനാ സമയത്ത് സ്ഥലത്തുവന്ന് ശ്രീ. തങ്കപ്പൻ എന്ന് സ്വയം പരിചയപ്പെടുത്തിയ വ്യക്തി, കിണർ തനിക്ക് വർഷങ്ങൾക്ക് മുൻപ് കൃഷിഭവൻ വഴി കൃഷി ആവശ്യത്തിനായി അനവദിച്ചനൽകിയതാണെന്നും, കിണർ തന്റെ സ്വകാര്യ ഉടമസ്ഥതയിലുള്ളതാണെന്നും, തന്റെ വീട്ടിൽ നിന്നമാണ് പമ്പിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളതെന്നും അറിയിക്കുകയും അത് ബോധ്യപ്പെടുകയും ചെയ്തു.

ബി). പുനരുദ്ധാരണം നടത്തിയിരിക്കുന്ന കിണറിലേക്ക് എത്തിച്ചേരാൻ പൊതു വഴി ഇല്ല.

സി). കിണർ ബ്ലോക്ക് പഞ്ചായത്തിന്റെയോ / ഗ്രാമ പഞ്ചായത്തിന്റെയോ ഉടമസ്ഥതയിലുള്ളതാണെന്ന് വ്യക്തമാക്കുന്ന രേഖപ്പെടുത്തലുകളോ, നെയിംബോർഡുകളോ കിണറിലോ, പരിസരപ്രദേശങ്ങളിലോ ഇല്ല.

പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരിക്കുന്ന കിണർ ബ്ലോക്ക് പഞ്ചായത്തിന്റെയോ / ഗ്രാമ പഞ്ചായത്തിന്റെയോ ഉടമസ്ഥതയിലുള്ളതാണെങ്കിൽ ആയത് വ്യക്തമാക്കുന്ന ആസ്തി ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പേജ് പകർപ്പ് (ആസ്തി ക്രമ നമ്പരോടുകൂടിയത്) ഓഡിറ്റിന് ഹാജരാക്കാനം, പദ്ധതി പ്രകാരം പുനരുദ്ധാരണം നടത്തിയ കിണറ്റിൽ സ്വകാര്യവ്യക്തിയിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭ്യമാക്കി മോട്ടോർസ്ഥാപനം നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കാനം,
പൊതുവഴി സൗകര്യം ഇല്ലാത്ത കിണറ്റിലേക്ക് പൊതുജനത്തിന് എത്തിച്ചേരാനുള്ള സൗകര്യം എങ്ങനെയാണ് പദ്ധതിആസൂത്രണത്തിൽ വിഭാവനം ചെയ്തിരുന്നത് എന്നും, പദ്ധതി ഗുണഭോക്താക്കളായി പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത് ആരെയൊക്കെയായിരുന്നുവെന്നും വിശദീകരിക്കാനാവശ്യപ്പെട്ട് അസിസ്റ്റന്റ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,സെക്രട്ടറി എന്നിവർക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കുടിവെള്ള പദ്ധതി എന്ന നിലയിലുള്ള പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും ഗുരുതരമായ വീഴ്ചകളുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ പരാമർശിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പണം ചെലവഴിച്ചിരിക്കുന്നത് സ്വകാര്യ വ്യക്തിയുടെ കിണറിലാണെന്ന് വ്യക്തമാകുന്നതിനാൽ, പനയനം പൊതു കിണർ പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് ചെലവഴിച്ച 1,34,186/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പദ്ധതി നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, പദ്ധതിക്ക് സാങ്കേതികാനുമതിനൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽനിന്നും തുല്യമായി തിരികെ ഈടാക്കി ബന്ധപ്പെട്ട് അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 7/30.11.23
നിരാകരിച്ച തുക - 1,34,186/- രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ള പദ്ധതി: 3,629/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

Proj. No SO 31/22-23 ചിറ്റാശ്ശേരി DWSS പൊതുകിണർ നവീകരണം
TS No. 23053/21-22
അടങ്കൽ തുക - 2,00,000/- രൂപ (CFC ഗ്രാന്റ്)
പദ്ധതി ചെലവ് : 1,81,123/- രൂപ (70,199/- രൂപ: ബിൽ നം. 392/29.3.22; 1,10,933/- രൂപ: ബിൽ നം. 80/30.9.22)
കരാറുകാരൻ : ശ്രീ. അഖിൽ. യു
കരാർ നം. 08/AE/LSGD/PTPM/21-22 തീയതി.5.11.21
കരാർ തുക : 1,64,114.17/- രൂപ (7% കുറവ്).
പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

TS No: 23053/2021-2022

EST NO: 2021/30678

Name Of Work: Pathanapuram BP 2021-22 (S077/22) Chittasseri DWSS- Public Well Maintenance In Naduthery Division

ESTIMATE REPORT

I Am Submitting Herewith An Estimate Amount Of Rs 2,00,000/- For The Maintenance Of Chittasseri Drinking Water Supply Scheme Which Is Included In The Plan Projects Of Pathanapuram Blockpanchayat For The Year 2021-22. Presently, There Is A Public Well In Chittassery Which Many Of The Beneficiaries Of The Area Resorted To, During The Drought Time. The Estimate Consists Of Constructing An RCC Platform For PVC Watertank And Pumphouse Below That. Provisions Included Are Earthwork Excavation, CC 1:4:8, Column Footing, Column, Reinforcement, Solidblock, Finishing Floortile, Jet Pump, PVC Tank, PVC Pipes, Public Taps Etc. Provision For Electrification Is Also Included In This Estimate. The Rate Used For Preparation Of This Estimate Is DAR With Cost Index Of 41.85% For Kollam, Including Contractors Profit And Overhead Charges (Tender Rate). 12% GST Also Included In The Estimate.

Assistant Engineer LSGD Sub-Division Pathanapuram Block Panchayat

മേൽ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരമുള്ള പ്രവൃത്തികളിൽ വൈദ്യുതീകരണം ഒഴികെയുള്ള പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയിട്ടുണ്ടെങ്കിലും, വൈദ്യുതീകരണം നടത്തിയിട്ടില്ലാത്തതിനാൽ പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെയും ഓവർസിയറുടെയും സാന്നിദ്ധ്യത്തിൽ 29.11.23 ന് ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

കൂടാതെ പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റിൽ ഇനം 25 ആയി Od 1329706/21-22: Supplying And Fitting 1HP Jet Monoblock Pumb With All Necessary Fittings (Popular Brands Like Crompton, V-Guard Etc) എന്ന ഇനം 14,751.05/- രൂപ നിരക്കിൽ ഉൾപ്പെടുത്തിയിരുന്നത്, തുടർന്ന് Revised Estimateൽ ഒഴിവാക്കുകയും പകരം Extra Item 11 ആയി Od 1722828/21-22: Supplying And Fitting 1HP Jet Monoblock Pumb With All Necessary Fittings (Popular Brands Like Crompton, V-Guard Etc) എന്ന ഇനം 18,235.55/- രൂപ നിരക്കിൽ ഉൾപ്പെടുത്തുകയും ആയതു പ്രകാരം കരാർനിരക്കിൽ തുക കണക്കാക്കി അനുവദിക്കുകയും ചെയ്തു. V-Guard 1HP Jet Monoblock Pumbആണ് സ്ഥാപിച്ചിരിക്കുന്നത് എന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതുമൂലം ചുവടെ ചേർക്കും പ്രകാരം 3,629/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് കണക്കാക്കുന്നു.

| പ്രാഥമിക എസ്റ്റിമേറ്റ് പ്രകാരം അനുവദിക്കേണ്ടിവരുമായിരുന്ന തുക ₹ | പരിഷ്കരിച്ച എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ച തുക ₹ | അധിക ചെലവ് ₹ |
|---|---|---|
| 14,751.05<br>കുറയ്ക്കുക 7% (ടെൻറർ കിഴിവ്): 1,032.57<br>ആകെ : 13,718.47<br>കൂട്ടുക 12% GST: 1,646.21<br>= 15,364.68 | 18,235.55<br>കുറയ്ക്കുക 7% (ടെൻറർ കിഴിവ്): 1,276.48<br>ആകെ : 16,959/-<br>കൂട്ടുക 12% GST: 2,035<br>= 18,994 | 3,629/- |

ഇത്തരത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനംതന്നെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അധിക തുക നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

ആകെ പദ്ധതി ചെലവ് 1,81,123/- രൂപയിൽ, മേൽ പരാമർശ 3,629/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു. ശേഷിക്കുന്ന 1,77,494/- രൂപയുടെ ചെലവ്, പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല എന്ന കാരണത്താൽ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം. 07/30.11.2023

നിരാകരിക്കുന്ന തുക – 3,629/- രൂപ

3-2 പട്ടാഴി ഡിവിഷനിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ: 1,34,186/- രൂപയുടെ

ചെലവ് അംഗീകരിക്കുന്നില്ല.

Proj.no S046/22-23 പട്ടാഴി ഡിവിഷനിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ

അടങ്കൽ തുക – 3,00,000/- രൂപ (CFC ഗ്രാന്റ്)

പദ്ധതി ചെലവ് : 2,61,272/- രൂപ (78,391/- രൂപ : ബിൽ നം. 413/31.3.22; 1,82,881/- രൂപ : ബിൽ നം. 289/19.3.23)

കരാറുകാരൻ : ശ്രീ. കെ. ഉദയൻ

കരാർ നം. 51/AE/LSGD/PTPM/21-22 തീയതി.2.3.22

കരാർ തുക : 2,66,572.55/- രൂപ (0.458% കുറവ്).

എം ബുക്ക് നം. 27/20-21, 07/22-23

പനയനം കോളനി കുടിവെള്ള പദ്ധതി,പനയനം പൊതു കിണർ പുനരുദ്ധാരണം എന്നീപദ്ധതികളാണ് നടപ്പിൽ വരുത്തിയിരിക്കുന്നത്. ഇതിൽ പനയനം പൊതു കിണർ പുനരുദ്ധാരണം (എം ബുക്ക് പ്രകാരം ചെലവ്: 1,34,186/- രൂപ) എന്ന പദ്ധതിയുടെ പ്രാദേശിക പരിശോധനയിൽ (ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 29.11.23 ന് നടത്തിയത്) ചുവടെ ചേർക്കുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

എ). കിണർ പുനരുദ്ധാരണം, 1/ 2HP Pumb, GI Pipe ഉപയോഗിച്ച് പ്ലാറ്റ് ഫോം നിർമ്മിച്ച് അതിനു മുകളിൽ 500Ltr Water Tank, അതിനു ചുവടെ ഒരു Tap എന്നിവ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് നിർവ്വഹിച്ചിട്ടുള്ളത്. കിണറിന്റെ സമീപത്തെ വീട്ടിൽ നിന്നുമാണ് കിണറിൽ സ്ഥാപിച്ചിട്ടുള്ള പമ്പിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളത്. കിണറിന് സമീപത്തെ ഒരു കുടുംബം മാത്രമാണ് നിലവിൽ പദ്ധതി ഗുണഭോക്താവ്. കുടിവെള്ള പദ്ധതി എന്ന നിലയിൽ സമീപപ്രദേശങ്ങളിലെ വീടുകളിലേക്കൊന്നുംതന്നെ Water Connection നൽകിയിട്ടില്ല. സമീപപ്രദേശങ്ങളിലെ വീടുകളിൽ മറ്റു കുടിവെള്ള പദ്ധതി പ്രകാരം Water Connection ലഭ്യമാക്കിയിട്ടുള്ളതും കാണാൻ കഴിഞ്ഞു. സ്ഥല പരിശോധനാ സമയത്ത് സ്ഥലത്തുവന്ന് ശ്രീ. തങ്കപ്പൻ എന്ന് സ്വയം പരിചയപ്പെടുത്തിയ ഒരു വ്യക്തി, കിണർ തനിക്ക് വർഷങ്ങൾക്ക് മുൻപ് കൃഷി ഭവൻ വഴി കൃഷി ആവശ്യത്തിനായി അനുവദിച്ചുനൽകിയതാണെന്നും, കിണർ തന്റെ സ്വകാര്യ ഉടമസ്ഥതയിലുള്ളതാണെന്നും,തന്റെ വീട്ടിൽനിന്നുമാണ് പമ്പിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുള്ളതെന്നും അറിയിക്കുകയും അത് ബോധ്യപ്പെടുകയും ചെയ്തു.

ബി). പുനരുദ്ധാരണം നടത്തിയിരിക്കുന്ന കിണറിലേക്ക് എത്തിച്ചേരാൻ പൊതു വഴി ഇല്ല.

സി). കിണർ ബ്ലോക്ക് പഞ്ചായത്തിന്റെയോ/ഗ്രാമ പഞ്ചായത്തിന്റെയോ ഉടമസ്ഥതയിലുള്ളതാണെന്ന് വ്യക്തമാക്കുന്ന രേഖപ്പെടുത്തലുകളോ, നെയിം ബോർഡുകളോ കിണറിലോ, പരിസരപ്രദേശങ്ങളിലോ ഇല്ല.





പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരിക്കുന്ന കിണർ ബ്ലോക്ക് പഞ്ചായത്തിന്റെയോ/ഗ്രാമ പഞ്ചായത്തിന്റെയോ ഉടമസ്ഥതയിലുള്ളതാണെങ്കിൽ ആയത് വ്യക്തമാക്കുന്ന ആസ്തി ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പേജ് പകർപ്പ് (ആസ്തി ക്രമ നമ്പരോടുകൂടിയത്) ഓഡിറ്റിന് ഹാജരാക്കാനും, പദ്ധതി പ്രകാരം പുനരുദ്ധാരണം നടത്തിയ കിണറ്റിൽ സ്വകാര്യവ്യക്തിയിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭ്യമാക്കി മോട്ടോർസ്ഥാപനം നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കാനും,

പൊതുവഴി സൗകര്യം ഇല്ലാത്ത കിണറ്റിലേക്ക് പൊതുജനത്തിന് എത്തിച്ചേരാനുള്ള സൗകര്യം എങ്ങനെയാണ്

പദ്ധതിആസൂത്രണത്തിൽ വിഭാവനം ചെയ്തിരുന്നത് എന്നും, പദ്ധതി ഗുണഭോക്താക്കളായി പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത് ആരെയൊക്കെയായിരുന്നുവെന്നതും വിശദീകരിക്കാനാവശ്യപ്പെട്ട് അസിസ്റ്റന്റ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, സെക്രട്ടറി എന്നിവർക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കുടിവെള്ള പദ്ധതി എന്ന നിലയിലുള്ള പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും ഗുരുതരമായ വീഴ്ചകളുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.മേൽ പരാമർശിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പണം ചെലവഴിച്ചിരിക്കുന്നത് സ്വകാര്യ വ്യക്തിയുടെ കിണറിലാണെന്ന് വ്യക്തമാകുന്നതിനാൽ, പനയനം പൊതു കിണർ പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് ചെലവഴിച്ച 1,34,186/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പദ്ധതി നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, പദ്ധതിക്ക് സാങ്കേതികാനുമതിനൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽനിന്നും തുല്യവിഹിതങ്ങളായി തിരികെ ഈടാക്കി ബന്ധപ്പെട്ട് അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 7/30.11.23
നിരാകരിച്ച തുക – 1,34,186/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 29-11-2023 | കെ.എസ്.എ.കെ.എൽ.എം.പി9/2015/23<br>തീയതി – 14.12.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് |
|---|---|---|---|---|---|
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2022-2023 | 27,44,000 | പി.എം.എ.വൈ | 27,44,000 | 0 |
| തലവൂർ | 2022-2023 | 1,82,984 | പി.എം.എ.വൈ | 1,82,984 | 0 |
| പട്ടാഴി വടക്കേക്കര | 2022-2023 | 20,000 | പി.എം.എ.വൈ | 20,000 | 0 |
| പിറവന്തൂർ | 2022-2023 | 2,80,000 | പി.എം.എ.വൈ | 2,80,000 | 0 |
| വിളക്കുടി | 2022-2023 | 20,000 | പി.എം.എ.വൈ | 20,000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് വേണ്ടിയുള്ള ഫണ്ട് വിനിയോഗം.

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

### 4-6 സ്ഥിര നിക്ഷേപം

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

### 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 3,629/- | 1,814.50/- ശ്രീമതി സൂര്യ എസ്. നായർ, അസി. എഞ്ചിനിയർ |
| | | | 1,814.50/- ശ്രീമതി ലത വി, അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-2 | | 1,34,186/- | 67,093/- ശ്രീമതി സൂര്യ എസ് നായർ, അസി. എഞ്ചിനിയർ |
| | | | 67,093/- ശ്രീമതി ലത വി, അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 2,83,197/- | ഡോ. ബാബുലാൽ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-13 | 8,97,000/- | ശ്രീമതി സുനിത എസ്, അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 1-15 | 2,32,590/- | ശ്രീ. ലെവിസൺ, സെക്രട്ടറി |
| 1-16 | 1,99,000/- | ശ്രീമതി പൊന്നമ്മ സി. എം., പട്ടികജാതി വികസന ഓഫീസർ |
| 1-17 | 1,77,494/- | ശ്രീമതി സൂര്യ എസ്. നായർ, അസി. എഞ്ചിനിയർ |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ലെവിസൻ,<br>സെക്രട്ടറി | വിരമിച്ചു | തായിപറമ്പിൽ ഹൌസ്,<br>കീരിത്തോട് പി ഒ, ഇടുക്കി |
| ഡോ. ബാബുലാൽ | ചീഫ് മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, കുണ്ടറ | ഉള്ളിരുപ്പിൽ ശ്രീനഗർ 58 ,<br>കടപ്പാക്കട പി ഒ, കൊല്ലം 691008 |
| ശ്രീമതി സുനിത എസ്,<br>അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ<br>പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് | സ്വാമി കൃപ, പെരുമ്പുഴ,<br>കുണ്ടറ, കൊല്ലം 691504 |
| ശ്രീമതി പൊന്നമ്മ സി. എം.,<br>പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ,<br>പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് | ഇല്ലക്കാട്, മുക്കട പി ഒ,<br>കരിക്കോട്ടൂർ, കോട്ടയം |
| ശ്രീമതി സൂര്യ എസ്. നായർ,<br>അസി. എഞ്ചിനിയർ | ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ &<br>എഞ്ചിനിയറിംഗ് വിങ് മലയാലപ്പുഴ | മണിമന്ദിരം, നടുക്കുന്ന് പി ഒ,<br>പത്തനാപുരം 689695 |
| ശ്രീമതി ലത വി,<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ | ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ &<br>എഞ്ചിനിയറിംഗ് വിങ് സബ് ഡിവിഷൻ,<br>ചവറ ബ്ലോക്ക് | വലിയകിഴക്കേതിൽ, ലക്ഷ്മണ നഗർ 181,<br>ആശ്രാമം -691002 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| റിപ്പോർട്ട് വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ-കെ.എൽ.എം-പി-9/103/18(8)/06-03-2018 | 3 |
| 2005-06 | കെ.എസ്.എ-കെ.എൽ.എം-പി-9/103/18(9)/06-03-2018 | 8 |
| 2006-07 | എൽ.എഫ്.ക്യൂ-ഡി.ബി-1549(5)/14തീയതി 10-07-2014 | 10 |
| 2007-08 | എൽ.എഫ്.ക്യൂ-ഡി.ബി-1549(4)/14തീയതി 10-07-2014 | 6 |
| 2008-09 | എൽ.എഫ്.ക്യൂ-ഡി.ബി-1549(3)/14തീയതി 10-07-2014 | 8 |
| 2009-10 | എൽ.എഫ്.ക്യൂ-ഡി.ബി-1549(2)/14തീയതി 10-07-2014 | 7 |
| 2010-11 | എൽ.എഫ്.ക്യൂ-ഡി.ബി-1549(1)/14തീയതി 10-07-2014 | 13 |
| 2011-12 | എൽ.എഫ്.ക്യൂ-ഡി.ബി-814/13തീയതി 14-02-2014 | 10 |
| 2012-13 & 2013-14 | എൽ.എഫ്.ക്യൂ-ഡി.ബി-2243/14തീയതി 23-05-2015 | 18 |
| 2014-15 & 2015-16 | കെ.എസ്.എ-കെ.എൽ.എം-ഡി.ബി-683/2017 തീയതി-11-05-2017 | 2 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി-9/1254/2017/17-11-2017 | 10 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി-9/1928/2018/24-01-2019 | 8 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി-9/1092/2020/19.02.2021 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി-9/334/22/05-07-2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ-കെ.എൽ.എം-പി-9/335/22/06-07-2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ-കെ.എൽ.എം-പി-9/496/23 / 11-04-2023 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 29-07-2023 and submitted on 03-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pathanapuram Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pathanapuram Block Panchayat for the year 2022-2023

Date: 19/12/2023

Senior Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Pathanapuram Block Panchayat for the Year 2022-2023 .

**1.Major Observations**

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit
Ratios, Secretary`s note
2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3.Part bill payment details are not matching with the amount included in the B 11(b) Capital Work in Progress.
4.Grant liability amount shown as liability in Balancesheet does not match with Bank account opened for the specified grant account.
5. Misclassification of receipt voucher.
6. The following registers are not maintained. Deposit register, Advance register,Asset register.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.